മുഖ്യമന്ത്രി (ശ്രീ. ഇ. എം. ശങ്കരൻനമ്പൂതിരിപ്പാട്): സർ, കൊല്ലം ഫാത്തിമ മാതാ കോളേജിലെ ചില അദ്ധ്യാപകന്മാരുടെ നേരെയും വിദ്യാർത്ഥികളുടെ നേരെയും സ്റ്റേറിലെ മറ്റു പല ഭാഗങ്ങളിലെ വിദ്യാർത്ഥികളുടേയും നേരെ പോലീസ് നടത്തിയ ലാത്തിച്ചാർജ്ജിനെപ്പറ്റി അന്വേഷിക്കുന്നതിനുള്ള ഓർഡർ ഇട്ടിട്ടുണ്ട്.

ശ്രീ. ടി. എ. മജീദ് : ഫാത്തിമാ കോളേജിലെ വിദ്യാർത്ഥികളെ ഡിസ്മിസ്സ് ഹോസ്റ്റിറ്റൽ വളപ്പിനകത്തിട്ട് അടിച്ചതിനെപ്പറ്റി അന്വേഷണം നടത്തുമോ ?

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: അതും ഈ അന്വേഷണ പരിധിയിൽപ്പെട്ടും.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : തിരുവനന്തപുരത്തുള്ള വിദ്യാർത്ഥികളെ മർദ്ദിച്ചതിനെപ്പറ്റിയും അന്വേഷണം നടത്തുമോ ?

ശ്രീ. ഇ. എം. ശങ്കരൻനമ്പൂതിരിപ്പാട് : അതും ഈ അന്വേഷണ പരിധിയിൽപ്പെട്ടും.

ശ്രീ. കെ. എം. ജോർജ്ജ് : എറണാകുളത്തുള്ള വിദ്യാർത്ഥികളും ട്രാൻസ്പോർട്ട് കോർപ്പറേഷൻ തൊഴിലാളികളും തമ്മിൽ ഉണ്ടായ സംഘട്ടനത്തെപ്പറ്റിയും അന്വേഷണം നടത്തുമോ ?

ശ്രീ. ഇ. എം. ശങ്കരൻനമ്പൂതിരിപ്പാട് : അതു് ഈ അന്വേഷണപരിധിയിൽപ്പെടുകയില്ല. ഫാത്തിമാകോളേജിലുള്ള സംഘട്ടനത്തെപ്പറ്റിയാണു് നിവേദനം നടത്തിയിട്ടുള്ളതു്.

ശ്രീ. കെ. എം. ജോർജ്ജ്: എറണാകുളത്തുണ്ടായ സംഭവത്തെ സംബന്ധിച്ചു് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതിൽനിന്നും അവിടെ ഉണ്ടായ സംഘട്ടനം വളരെ ഗുരുതരമായതാണെണു് മനസ്സിലാക്കാവുന്നതാണു്. അവിടെ രണ്ടു ഭാഗത്തുനിന്നും വളരെയധികം അക്രമം ഉണ്ടായിട്ടുണ്ടു്. അതുകൊണ്ടു് അതുംകൂടി ഈ അന്വേഷണ പരിധിയിൽ ഉൾപ്പെടുത്തുന്നതിനു് എന്താണു് തടസ്സം ?

ശ്രീ. ഇ. എം. ശങ്കരൻനമ്പൂതിരിപ്പാട് : ഇപ്പോഴിട്ടിരിക്കുന്ന ഓർഡറിൽ അതു് ഉൾപ്പെടുത്താൻ സാധിക്കുകയില്ല. കാരണം അതു് ഫൈനൽസ്റ്റേജായിക്കഴിഞ്ഞു.

ശ്രീ. കെ. കരുണാകരൻ : കൊല്ലം ഫാത്തിമ മാതാ കോളേജിൽ മാത്രമല്ല മറ്റു പല വിദ്യാലയങ്ങളിലും സമരം നടക്കുകയും ലാത്തിച്ചാർജ്ജുകൾ നടക്കുകയും ചെയ്യുകയും സ്കൂളിനകത്തു കയറി പോലീസ് ലാത്തിച്ചാർജ്ജ് നടത്തുകയുണ്ടായി. അതുകൊണ്ടു് ഇതെല്ലാം ഉൾപ്പെടുത്തുമോ ?

ശ്രീ. ഇ. എം. ശങ്കരൻനമ്പൂതിരിപ്പാട് : ഇപ്പോൾ ഗവണ്മെൻറിനു കിട്ടിയിട്ടുള്ള നിവേദനത്തിന്റെ അടിസ്ഥാനത്തിലാണു് അന്വേഷണത്തിനുള്ള ഓർഡർ ഇട്ടതു്. ആ ഓർഡർ പാസ്സാക്കിക്കഴിഞ്ഞതുകൊണ്ടു് അതിൽ ഇനി ഒന്നും ഉൾപ്പെടുത്താൻ സാധിക്കുകയില്ല. ഇവിടെ പറഞ്ഞതിനെല്ലാം വേണമെന്നുണ്ടെങ്കിൽ പ്രത്യേകം ഓർഡർ ഇടാവുന്നതാണു്.

മി: സ്പീക്കർ : ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ വെളിച്ചത്തിൽ ഈ അടിയന്തിര പ്രമേയത്തിനും അനുമതി നൽകുന്നില്ല.

(iv) Strike of the Students of the Music Academics in the State

മി: സ്പീക്കർ : സംഗീത വിദ്യാലയങ്ങളിലെ വിദ്യാർത്ഥികളും നടത്തിപോരുന്ന സമരത്തെക്കുറിച്ചു് ഇവിടെ ഒരു ചോദ്യത്തിനു് ഉത്തരം പറഞ്ഞതുകൊണ്ടു് അതൊരു അടിയന്തിരപ്രമേയമായി അനുവദിക്കുന്നില്ല.

(v) Statement by the Chief Minister.

ശ്രീ. കെ കരുണാകരൻ : ഞാൻ ഒരു അടിയന്തിര പ്രമേയത്തിനു് നോട്ടീസ് നൽകിയിട്ടുണ്ടു്. അതിനെപ്പറ്റി ഒന്നും പറഞ്ഞില്ല.

LIBRARY ARCHIVES Kerala Legislative Assembly

മി: സ്പീക്കർ: അതിനെപ്പറ്റി ഇവിടെ ഉത്തരം പറഞ്ഞതാണ്.

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: അതിനെപ്പറ്റി ചർച്ചചെയ്യുന്നതിനു വ്യക്തിപരമായി ഞാൻ എതിരല്ല. പക്ഷെ അതൊരു തെറ്റായ കീഴ്വഴക്കമാകും. എ. ഐ. സി. സി. സമ്മേളനത്തിൽ ചർച്ച ചെയ്യുന്നതിനു പ്രധാനമന്ത്രി ഒരു നോട്ടു തയ്യാറാക്കി അയച്ചു. ആ നോട്ടു ഇൻഡ്യയിലെ എല്ലാം ജനങ്ങൾക്കും താല്പര്യമുള്ള കാര്യമാണ്. അതു അവരുടെ പാർട്ടി ലവലിൽ ചർച്ച ചെയ്യേണ്ട കാര്യമാണ്. അതുകൊണ്ടു അക്കാര്യം പാർലമെൻറിലോ സ്റ്റേറ്റ് ലെജിസ്ലേച്ചറിലോ ചർച്ച ചെയ്യുന്നതു നല്ലതല്ല. അതുപോലെ പല പാർട്ടികൾക്കും പലകാര്യങ്ങളെസംബന്ധിച്ചും അഭിപ്രായം ഉണ്ട്. ഒരു പാർട്ടിയിൽപ്പെട്ടയാൾ മുഖ്യമന്ത്രിയോ പ്രധാനമന്ത്രിയോ ആയിരുന്നാൽപോലും ആ പാർട്ടിയുടെ നയം അസംബ്ലിയിലോ പാർലമെൻറിലോ ചർച്ച ചെയ്യണമെന്നു പറയുന്നതു ഒരു തെറ്റായ കീഴ്വഴക്കമാകുമെന്നാണ് എനിക്കു പറയുവാനുള്ളതു്.

ശ്രീ. കെ. കരുണാകരൻ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞ അഭിപ്രായം ശരിയല്ല. ഈ പ്രശ്നത്തെസംബന്ധിച്ചു് പാർലമെൻറിൽ ചർച്ച നടത്തുന്നതാണ്. ഇതു കേവലം ഒരു പാർട്ടിയുടെ അഭിപ്രായം മാത്രമല്ല. ഇതു് ഐക്യമുന്നണിയുടെ പ്രകടനപത്രികയിൽ പറഞ്ഞിട്ടുള്ള കാര്യമല്ല. അധികാരത്തിൽവന്നാൽ ജനങ്ങൾക്കു വേണ്ടി ഉപകാരപ്രദമായി എന്തെല്ലാം ചെയ്യാൻപോകുന്നുവെന്നുള്ളതു് പ്രകടനപത്രികയിൽ പറഞ്ഞിട്ടുള്ളതാണ്. മുഖ്യമന്ത്രി പറഞ്ഞിട്ടുള്ള കാര്യങ്ങളെല്ലാം തന്നെ ഞാൻ വളരെ വ്യക്തമായി എൻറെ അടിയന്തിരപ്രമേയത്തിൽ കൊടുത്തിട്ടുണ്ട്. ജനങ്ങൾ നിങ്ങളിൽ സമർപ്പിച്ചിട്ടുള്ള അധികാരം ഉപയോഗിച്ചു് ജനങ്ങളുടെ പ്രശ്നം പരിഹരിക്കാനല്ല നിങ്ങൾ ശ്രമിക്കുന്നതു്. ജനങ്ങൾക്കു് ഉപകാരം ചെയ്യുന്നതിനു പകരം അവരെ സായുധവിപ്ലവത്തിലേക്കു് നയിക്കുന്ന ഈ നയം ശരിയാണോ? പാർലമെൻറി ഡെമോക്രസിയെസംബന്ധിച്ചിടത്തോളം ബൂർഷ്വാസി ആണെന്നു് ജനങ്ങളെ ധരിപ്പിക്കുന്ന ഈ പ്രസ്താവന ശരിയാണോ? അതുകൊണ്ടു് സംസ്ഥാനത്തെ ജനങ്ങളെ ബാധിക്കുന്ന അതിപ്രധാനമായ ഒരു കാര്യമാണു് ഇതു്. പാർലമെൻറിൽ ഒന്നിലധികം തവണ....

Shri P. Govinda Pillai: Shri Karunakaran is misquoting the documents which are before the House. You may Please x x x

ശ്രീ. ടി. കെ. കൃഷ്ണൻ: ഒരു അടിയന്തിരപ്രമേയം അനുവദിക്കുന്നതിനെ സംബന്ധിച്ചു് ചട്ടങ്ങളിൽ വ്യക്തമായി പറയുന്നുണ്ടു്. അതു് ഞാൻ വായിക്കാം. "The motion shall not relate to a matter which is not the concern of the State Government" ഇതു് സ്റ്റേറ്റു് ഗവണ്മെൻറിൻറെ പരിധിയിലുള്ള കാര്യമല്ല. കമ്മ്യൂണിസ്റ്റു് പാർട്ടിയുടെ പരിപാടിയാണു്. സ്റ്റേറ്റു് ഗവണ്മെൻറിൻറെ പരിപാടിയല്ലാത്തതുകൊണ്ടു് അസംബ്ലിയിൽ ഒരു വാദപ്രതിവാദത്തിനു് വിധേയമാക്കാൻ പാടില്ല.

ശ്രീ. കെ. കരുണാകരൻ: പാർലമെൻറിൽ ഇതു ചർച്ച ചെയ്യുകയുണ്ടായിട്ടുണ്ടു്. സ്റ്റോറിൻറെ പ്രശ്നമല്ലെന്നു പറഞ്ഞതു് ശരിയല്ല. പാർട്ടിയുടെ പരിപാടി നടപ്പാക്കുകയാണു് അധികാരത്തിൽവന്നുകഴിഞ്ഞാൽ ചെയ്യുന്നതു്. അധികാരത്തിൽ വന്നുകഴിഞ്ഞാൽ പ്രവർത്തിക്കാൻ പോകുന്നതു് ഈ രാജ്യത്തിലെ ജനങ്ങളിൽ നിരാശാബോധം വളർത്തുകയും....

ശ്രീ. ആർ. എസ്. ഉണ്ണി: ഒരു പായിൻറു് ഓഫ് ഓർഡർ. അടിയന്തിരപ്രമേയത്തിനു് അവതരണാനുമതി നൽകണമോ എന്നുള്ളതിനെപ്പറ്റി ഒരു തീരുമാനമെടുക്കുന്നതിനു മുൻപു് അതേപ്പറ്റി പ്രസംഗിക്കുന്നതു് അനുവദനീയമാണോ?

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ഈ വിഷയത്തെപ്പറ്റി ഒരു അഭിപ്രായം പറയുന്നതു് ഈ പ്രമേയം അനുവദിക്കണമോ വേണ്ടയോ എന്നുള്ളതിനു് ഒരു തീരുമാനമെടുക്കുന്നതിനു് സഹായകമായി ചിലപ്പോൾ വേണ്ടിവന്നേയ്ക്കാം.

ശ്രീ. കെ. എം. ജോർജ്ജു്: ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇപ്പോൾ എടുത്തനിലപാടും അദ്ദേഹം ഉദ്ധരിച്ച ഉദാഹരണവും ഈ പ്രശ്നവുമായി യാതൊരു തരത്തിലും ബന്ധപ്പെടുന്നതല്ല. അദ്ദേഹം സ്റ്റേറ്റുകമ്മിറ്റിയിൽ എന്തെങ്കിലും കാര്യം നോട്ടു് എഴുതി അയക്കുകയോ, അതു് ചർച്ച ചെയ്യണമെന്നോ ആവശ്യപ്പെടലായിരുന്നില്ല. ഘടകകക്ഷികളും അംഗീകരിച്ച പ്രകടനപത്രികയനുസരിച്ചു്, ഇൻഡ്യൻ ഭരണഘടനയുടെ പരിമിതിക്കുള്ളിൽനിന്നുകൊണ്ടു് ചെയ്യാവുന്ന കാര്യങ്ങളും ചെയ്യുമെന്നുള്ള വാഗ്ദാനത്തോടുകൂടി, ഭൂരിപക്ഷകക്ഷികളും അധികാരത്തിലിരിക്കുകയാണു്. അതിനു വിപരീതമായി, രണ്ടുദിവസം ലണ്ടനിൽവച്ചു് പ്രസംഗിച്ചതുപോലെ, ഞങ്ങളും ഭരണഘടനയെ തകർക്കുമെന്നു് കേരളമുഖ്യമന്ത്രി പറഞ്ഞിരിക്കുകയാണു്. അതു് നിയമസഭയുടെ അന്വേഷണപരിധിയിൽപ്പെടുന്നതാണു് തീർച്ചയായും സഭ ഇതു് ചർച്ച ചെയ്യേണ്ടതാണു്. ഘടകകക്ഷികളും ഇതു് അംഗീകരിക്കുന്നില്ലെന്നു് വ്യക്തമാക്കിയിട്ടുണ്ടു്. അതുകൊണ്ടു് ഇതു തീർച്ചയായും ചർച്ച ചെയ്യണം.

ശ്രീ. ഈ. എം. ശങ്കരൻ നമ്പൂതിരിപ്പാടു്: ഞങ്ങളുടെ സംയുക്ത പ്രസ്താവനയിലില്ലാത്ത കാര്യങ്ങളാണു് ബഹുമാനപ്പെട്ട ശ്രീ. ജോർജ്ജും, ശ്രീ. കരുണാകരനും ഇവിടെ പറഞ്ഞതു്. സായുധവിപ്ലവത്തിന്റെ കാര്യമൊന്നും ഇവിടെയില്ല. നിരാശാബോധം പരത്തുന്ന ശ്രമവുമില്ല. ഐക്യമുന്നണി അംഗീകരിച്ചിട്ടുള്ള സംയുക്ത നയപ്രഖ്യാപനം നടപ്പിൽ വരുത്താനുള്ള നടപടികളാണു് സ്വീകരിച്ചിട്ടുള്ളതു്. എന്തായാലും ഞങ്ങളുടെ പ്രസ്താവന മുഴുവൻ വായിക്കാനുള്ള സമയം ഉപയോഗിക്കാതെ എന്തെങ്കിലും പറഞ്ഞതുകൊണ്ടു് പ്രയോജനമില്ല. മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടിക്കു് ഭരണഘടനയോടുള്ള സമീപനം എന്താണെന്നുള്ളതു് ഞങ്ങളാരും മറച്ചുവച്ചിട്ടില്ല. അതെല്ലാം പരസ്യമായി പറഞ്ഞിട്ടുള്ളതാണു്. ബൂർഷ്വാ ഭരണഘടനയാണെന്നുള്ള അഭിപ്രായം ഞങ്ങൾക്കു് മാത്രമല്ല, മറ്റു പല പാർട്ടികൾക്കുമുള്ളതാണു്. ഈ കാര്യങ്ങളെല്ലാം പരസ്യമായി പറഞ്ഞുകൊണ്ടാണു് ഈ നാട്ടിൽ കഴിഞ്ഞ മുപ്പതു നാല്പതു കൊല്ലക്കാലമായി പ്രവർത്തിച്ചുപോന്നിട്ടുള്ളതു്. അതിന്റെ അടിസ്ഥാനത്തിലാണു് ഞങ്ങൾ എല്ലാ തെരഞ്ഞെടുപ്പുകളിലും മത്സരിച്ചിട്ടുള്ളതു്. ഈവക കാര്യങ്ങളെല്ലാം അറിയാതെയോ, അറിഞ്ഞിട്ടും പൂച്ച കണ്ണടച്ചു പാൽ കുടിക്കുന്നതുപോലെയോ പറയുന്നതെന്നു തോന്നുന്നു. ഞങ്ങളുടെ പാർട്ടിയുടെ നയം എന്താണെന്നുള്ളതു് അപ്പുറത്തിരിക്കുന്ന ആളുകൾക്കു് കൂടെക്കൂടി വ്യക്തമായി മനസ്സിലാക്കാൻ സൗകര്യം വേണമെന്നു പറയുകയാണെങ്കിൽ അതിൽ എനിക്കു് സന്തോഷമേയുള്ളൂ. പക്ഷേ, അതിനുവേണ്ടി സഭയുടെ വിലയേറിയ സമയം കളയണമോ എന്നുള്ളതാണു് പ്രശ്നം. നമുക്കു് വേണമെങ്കിൽ അതിനു് ഒരു സിമ്പോസിയം നടത്തുന്നതു് നന്നായിരിക്കും. ഞാൻ നേരത്തേ പറഞ്ഞതുപോലെ, ഏതെങ്കിലും പാർട്ടിയുടെ നയപ്രഖ്യാപനം സഭയിൽ ചർച്ചക്കു് വിഷയമാക്കുക ഒരു തെറ്റായ കീഴ്വഴക്കമാകും. ഗവണ്മെന്റിന്റെ നയം എന്താണെന്നുള്ളതു് ഈ ഗവണ്മെന്റും, ഈ ഗവണ്മെന്റിനു് രൂപം നൽകിയിട്ടുള്ള ഐക്യമുന്നണിയും പ്രഖ്യാപിച്ചിട്ടുള്ളതാണു്. അതു് അക്ഷരംപ്രതി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണു്.

മരാമത്തുമന്ത്രി (ശ്രീ. ടി. കെ. ദിവാകരൻ): ബൂർഷ്വാ പാർലമെന്ററി ജനാധിപത്യ മാർഗ്ഗങ്ങളോടുള്ള ലെനിനിസ്റ്റു് സമീപനത്തിന്റെ ഉദ്ധരണികളാണു് ആ പ്രസ്താവനയിലുള്ളതെന്നാണു് എനിക്കു് പറയാനുള്ളതു്. അതുകൊണ്ടു് ചർച്ച അനുവദിക്കുകയാണെങ്കിൽ ആ തത്വങ്ങളും ചർച്ചക്കു് അനുവദിക്കുന്നതു് നന്നായിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ഇതെല്ലാം ലഘുവായി കൈകാര്യം ചെയ്യേണ്ട കാര്യമല്ല. ആശയപരമായ അഭിപ്രായവ്യത്യാസങ്ങളാണ് ഇവ. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെ, ആശയപരമായ അഭിപ്രായ വ്യത്യാസങ്ങൾ ഇവിടെ പരാമർശിക്കാൻ തുടങ്ങിയാൽ മറ്റു പാർട്ടിക്കാർക്കും അതേ സംബന്ധിച്ച് സംസാരിക്കേണ്ടിവരും. പാർലമെന്റിൽ ഇതു ഏതു നിലയിലാണ് ഉന്നയിച്ചതെന്നും, ചർച്ചചെയ്തതെന്നും ഉള്ളതിനെ സംബന്ധിച്ച് അറിയുകയില്ല. ഏതായാലും അഡ്ജോൺമെന്റ് മോഷന്റെ അടിസ്ഥാനത്തിലല്ല ചർച്ച നടന്നതു്. ഇവിടെയും ഇതു് അടിയന്തിരപ്രമേയം എന്ന നിലയിൽ ചർച്ച ചെയ്യേണ്ടതില്ല. ഇതേപ്പറ്റി കൂടുതൽ അംഗങ്ങൾ രൂം 57 അനുസരിച്ച് നോട്ടീസ് തന്നിട്ടുണ്ട്. അതുകൊണ്ട് ഇതേപ്പറ്റി ബിസിനസ് അഡ്വൈസറി കമ്മിറ്റികൂടി ചർച്ചചെയ്യ് ഒരു തീരുമാനമെടുക്കാം. ആ നിലക്കു് ഞാൻ ഈ പ്രമേയത്തിനു് അനുമതി നൽകുന്നില്ല.

Collapse of Kannavam School Building in Cannanoor : Calling Attention under Rule 61.

മി. സ്പീക്കർ : കണ്ണവം സ്കൂൾ കെട്ടിടം ഇടിഞ്ഞുവീണു് 14 വിദ്യാർത്ഥികൾ മരണമടഞ്ഞ ഗുരുതരമായ സംഭവത്തെ സംബന്ധിച്ച് ശ്രീ. കെ. കെ. അബുവും, ശ്രീ. ഇ. അഹമ്മദും നോട്ടീസുകൾ നൽകിയിട്ടുണ്ട്. ശ്രീ. അബുവിനു് അതേക്കുറിച്ച് സംസാരിക്കാം.

ശ്രീ. കെ. കെ. അബു : അടുത്തകാലത്തുണ്ടായ, വളരെയധികം ആളുകളെ വേദനിപ്പിച്ച ഒരു സംഭവമാണു് ഇതു്. കണ്ണവം സ്കൂൾ കെട്ടിടം തകർന്നു വീഴുകയും ആ സ്ലാട്ടിൽത്തന്നെ നാലു വിദ്യാർത്ഥികൾ മരണമടയുകയും ഉണ്ടായിട്ടുണ്ടു്. ആശുപത്രിയിൽ കൊണ്ടുപോയതിനുശേഷം മരണമടഞ്ഞ വിദ്യാർത്ഥികൾ ഉൾപ്പെടെ മൊത്തം 14 വിദ്യാർത്ഥികൾ ഈ സംഭവത്തിന്റെ ഫലമായി മരണമടഞ്ഞിട്ടുണ്ടു്. ഇരുന്നൂറിലധികം വിദ്യാർത്ഥികൾ ഹാജരുണ്ടായിരുന്ന സമയത്താണു് ഈ അപകടമുണ്ടായതു്. നൂറിലധികം വിദ്യാർത്ഥികൾക്കു് പരിക്കു് പറ്റി. ഈ സംഭവം ഈ സഭ ചർച്ചചെയ്യണമെന്നു പറയുന്നതിനുള്ള പ്രധാന കാരണം പല സ്കൂൾ കെട്ടിടങ്ങളും മഴക്കാലങ്ങളിൽ തകർന്നുപോകുകയും പലവിധത്തിലുള്ള ബുദ്ധിമുട്ടുകൾ അനുഭവിക്കുകയും ചെയ്യുന്നതുകൊണ്ടാണു്. അതുകൊണ്ടു് സ്കൂൾ ഒഴിവുകാലത്തിൽ വല്ല മാറ്റവും വരുത്താൻ സാധിക്കുമോ എന്നുള്ള കാര്യം ആലോചിക്കണം. വിദ്യാഭ്യാസമന്ത്രി ആ കാര്യം ആലോചിക്കാമെന്നു പറഞ്ഞിട്ടുണ്ടു്. അതുകൊണ്ട് സഭ ഈ കാര്യം ചർച്ച ചെയ്യണമെന്നാണു് എനിക്കു് പറയാനുള്ളതു്.

വിദ്യാഭ്യാസമന്ത്രി (ശ്രീ. സി. എച്ചു്. മുഹമ്മദുകോയ) : സർ, കണ്ണവത്തുണ്ടായ ദുരന്തസംഭവത്തിൽ ഇവിടെ പ്രകടിപ്പിക്കപ്പെട്ട അഭിപ്രായങ്ങളോടു് ഗവണ്മെന്റു് യോജിക്കുന്നു. വളരെ പരിതാപകരമായ ഒരു സംഭവമാണിതു്. 14 പിഞ്ചുപൈതങ്ങളുടെ ജീവൻ അപഹരിച്ച ആ ദുഃഖസംഭവം ഗവണ്മെന്റു് വളരെ ഖേദത്തോടുകൂടി മനസ്സിലാക്കുകയും സന്തപ്ത കുടുംബങ്ങളോടുള്ള ഗവണ്മെന്റിന്റെ അനുശോചനം രേഖപ്പെടുത്തുകയും ചെയ്യുന്നു. കൂത്തുപറമ്പിനടുത്തുള്ള കണ്ണവത്തെ എയിഡഡു് യു. പി. സ്കൂളിൽ മൂന്നു കെട്ടിടങ്ങളാണു്. ഓടിട്ട ഒരു ഇരുനില കെട്ടിടവും രണ്ടു ഷെഡ്ഡുകളുമാണു് ഉണ്ടായിരുന്നതു്. ഓടിട്ട ഇരുനില കെട്ടിടം അടുത്തകാലത്തു് നിർമ്മിച്ചിട്ടുള്ളതാണു്. 28-6-1969-ൽ ആ കെട്ടിടത്തിനു് ഫിറ്റ്നസ് സർട്ടിഫിക്കറ്റു് ലഭിച്ചിരുന്നു എന്നാണു് ഗവണ്മെന്റിന്റെ അറിവു്. വൈകുന്നേരം മൂന്നു മണിക്കാണു് ദുരന്തസംഭവം ഉണ്ടായതു്. കഴിഞ്ഞമാസം 22-ാംതീയതി ക്ലാസ്സു് നടന്നുകൊണ്ടിരിക്കുകയായിരുന്നു. 250 ഓളം വിദ്യാർത്ഥികൾ ക്ലാസ്സു് റൂമിലുണ്ടായിരുന്ന ആ അവസരത്തിലാണു് [illegible]

LIBRARY ARCHIVES Kerala Legislative Assembly